# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5504** **04/07/2013-ൽ മറുപടിയ്ക്ക്**

## വരൾച്ച ദുരിതാശ്വാസ പ്രവർത്തനം

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | മറുപടി<br>ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ കടുത്ത വരൾച്ച നേരിട്ട സമയത്ത് 03/05/2013 ൽ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബഹു: മുഖ്യമന്ത്രിയുടെ സാന്നി ദ്ധ്യത്തിൽആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ കൂടിയ യോഗ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | (എ) **ജില്ലാ കളക്ടർ, ആലപ്പുഴ**<br>03/05/2013-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടറേറ്റിൽ യോഗം ചേർന്നിട്ടില്ല. ആലപ്പുഴ ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-4-2013-ന് യോഗം ചേർന്നിട്ടുണ്ട്. ടി യോഗ തീരുമാനങ്ങൾ താഴെ കൊടുക്കുന്നു.<br><br>1. വാഹനങ്ങളിലും വള്ളങ്ങളിലും കൂടുതൽ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാനും, ഗ്രാമ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് ചെറിയ വാഹനങ്ങൾ കൂടി ഉപയോഗിക്കു വാനും തീരുമാനിച്ചു.<br><br>2. നിലവിൽ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾക്കായി ടെൻഡറുകൾ വിളിച്ച് കരാർ ഉറപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ ഷോർട്ട് ടെൻഡർ അടിസ്ഥാനത്തിൽ നടപ്പാക്കുക. |

3. വാഹനങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനും ഷോർട്ട് ടെൻഡർ മതിയാകും.

4. വള്ളങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുന്ന തൊഴിലാളികളുടെ ദിവസക്കൂലി ഇനി മുതൽ 400 രൂപയായിരിക്കും.

5. ജപ്പാൻ കുടിവെള്ള പദ്ധതി പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ അടിയന്തിരമായി പൊതു ടാപ്പുകൾ സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യണം.

6. Pipe Extension നടത്തിയാൽ കുടിവെള്ളം ലഭ്യമാകുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി ടി പ്രവൃത്തികൾ നടത്തണം.

7. മോട്ടറുകൾ കേടാകുന്നതുമൂലം പമ്പിംഗ് തടസ്സപ്പെടാതിരിക്കുന്നതിന് KWA ഒരു ഡിവിഷനിൽ കുറഞ്ഞത് 2 stand by മോട്ടറുകൾ കരുതുക.

8. വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾക്ക് പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും മുൻസിപ്പാലിറ്റികൾക്ക് 10 ലക്ഷം രൂപ വരെയും ചെലവഴിക്കുന്നതിനുള്ള അനുമതി 31/05/2013 വരെ ദീർഘിപ്പിച്ച സാഹചര്യത്തിൽ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ടി തുക വിനിയോഗിക്കണം.

9. KWA യുടേതല്ലാത്ത സ്ഥലങ്ങളിൽ നിന്ന് വിതരണത്തിന് വെള്ളം ശേഖരിക്കുന്നുണ്ടെങ്കിൽ ടി ജലത്തിന്റെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന നടത്തി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

10. ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ, മഴകുഴികൾ എന്നിവ നിർമ്മിക്കുന്നതിനും കുളങ്ങൾ, ചെറിയ തോടുകൾ എന്നിവ പുനരുദ്ധരിക്കുന്നതിനും തദ്ദേശ

സ്വയംഭരണസ്ഥാപനങ്ങൾ, , ഇറിഗേഷൻ, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

11. മാവേലിക്കര മണ്ഡലത്തിലെ പാറ്റൂർ പ്ലാന്റിന്റെ Completion Certificate നാളെ തന്നെ KWA നൽകണം. അതിന്റെ അടിസ്ഥാനത്തിൽ 21-4-2013 നകം KSEB ഇലക്ട്രിക് കണക്ഷൻ നൽകണം.

12. അടുത്ത ഒരു വർഷത്തേക്കുള്ള പദ്ധതി KWA തയ്യാറാക്കണം. JICCA യുടെ തുടർനടപടികൾ, udismat, Neerettupuram project എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

13. ഒരു വർഷ പദ്ധതി KWA അധികൃതർ ജല വിഭവ മന്ത്രിയുടെയും, MLA, MP മാരുടെയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് അന്തിമ രൂപം നൽകി നടപ്പാക്കണം.

14. കുട്ടംപേരൂർ ആറിന്റെ നവീകരണവും ഒരു വർഷ പദ്ധതിയിൽപ്പെടുത്തി ചെയ്യണം.

15. KWA ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന വരൾച്ചാ ദുരിതാശ്വാസപദ്ധതികൾ ഉടൻ തന്നെ തീർക്കണം.

16. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ റവന്യൂവകുപ്പിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ കുടിവെള്ളം വിതരണം ചെയ്യും.

17. വരൾച്ചാ ദുരിതാശ്വാസപ്രവൃത്തികൾ ആലപ്പുഴയുടെ ചുമതലയുള്ള മന്ത്രി ശ്രീ.അനൂപ് ജേക്കബ്ബിന്റെ സാന്നിദ്ധ്യത്തിൽ ഇടയ്ക്കിടെ അവലോകനം ചെയ്യും. ഇത്തരത്തിലുള്ള ആദ്യ അവലോകനയോഗം 27/04/2013 ന് 3 മണിക്ക് ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

| | | |
|---|---|---|
| (ബി) | ഒരു മണ്ഡലത്തിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപ വീതം അനുവദിച്ച് വർക്കുകൾ പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നുവോ; ഇതിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം വർക്കുകൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | **ജില്ലാ കളക്ടർ, ആലപ്പുഴ**<br>Pipe Extension നടത്തിയാൽ കുടിവെള്ളം ലഭ്യമാകുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി ടി പ്രവൃത്തികൾ നടത്തണം എന്ന 6-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിയോജകമണ്ഡലത്തിൽ 25 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് തീരുമാനിക്കുകയും ജല അതോറിറ്റി സമർപ്പിച്ച പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ . അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 25 ലക്ഷം രൂപയുടെ 30 ചെറുകിട പ്രവൃത്തികൾക്ക് ഈ കാര്യാലയത്തിലെ ഡി.എം.സി 4 20865/13 തിയതി 3-5-13 പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത വർക്കുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ? | **ജില്ലാ കളക്ടർ, ആലപ്പുഴ**<br>ആവശ്യമായ പൈപ്പുകൾ ലഭിക്കുവാനുള്ള കാലതാമസം മൂലം ടി പ്രവൃത്തികൾക്ക് കരാറുകാർ പൈപ്പ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന രീതിയിൽ ടെണ്ടർ ചെയ്തെങ്കിലും ടെണ്ടറിൽ ആരും പങ്കെടുത്തില്ല. ആയതിനാൽ പൈപ്പുകൾ ജില്ലാ പ്രൊക്യൂവർമെന്റ് കമ്മറ്റി അംഗീകാരം നൽകിയ കമ്പനികളിൽ നിന്നും വാങ്ങിക്കൊടുത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കുവാനായി വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ജല അതോറിറ്റി പി എച്ച് ഡിവിഷൻ ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ